"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി - പ്രോജക്റ്റ് നം. 69/25 - വാർഡുകളിൽ കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങൽ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.589/2025/LSGD തീയതി,തിരുവനന്തപുരം, 03-03-2025

പരാമർശം:-
(1) കാഞ്ഞങ്ങാട് നഗരസഭ കൗൺസിലിന്റെ 29.02.2024-ലെ 18-ാം നമ്പർ ഭരണസമിതി തീരുമാനം.
(2) സർക്കുലർ നമ്പർ. WM3/66/2024-LSGD തീയതി 16.03.2024.
(3) കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.07.2024-ലെ കത്ത്.
(4) കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സന്റെ 08.08.2024-ലെ കത്ത്.
(5) കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയുടെ 28.10.2024-ലെ H1-69/2025 നമ്പർ കത്ത്.
(6) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ലെ യോഗതീരുമാനം നമ്പർ 4.52

**ഉത്തരവ്**

ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി കാട് വെട്ടുന്നതിന് വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് കാട്ടുവെട്ട് യന്ത്രം വാങ്ങി നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു.

| | | |
|---|---|---|
| പ്രോ.നം.69/25 | അടങ്കൽ | 12,95,000 രൂപ |
| | | (CFC Tied Grant) |
| പേര് | വാർഡുകളിലേയ്ക്ക് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങൽ | |

(2) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള പരാമർശം (2)-ലെ സർക്കുലർ പ്രകാരം വാർഡ് സാനിറ്റേഷൻ ഫണ്ട് ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രങ്ങൾ വാങ്ങുന്നതിന് അനുമതിയില്ലെന്നും അതിനാൽ CFC Tide Grant ഉപയോഗിച്ച് കാട്ടുവെട്ട് യന്ത്രം വാങ്ങാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. യന്ത്രങ്ങൾ വാങ്ങിയതിനുശേഷം ഇതിന്റെ ആവർത്തന ചെലവ് സാനിറ്റേഷൻ ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതാണെന്നും അറിയിച്ചിരുന്നു.

(3) മേൽ വിഷയം പരാമർശം (6)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും, തീരുമാനം നമ്പർ 4.52 പ്രകാരം, 10 വാർഡിന് പരമാവധി ഒരു കാട്ടുവെട്ടുയന്ത്രം എന്ന ക്രമത്തിൽ വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6)-ലെ

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ 10 വാർഡിന് പരമാവധി ഒരു കാട്ടുവെട്ടു യന്ത്രം എന്ന ക്രമത്തിൽ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്.
ഐ. &പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 03-03-2025 15:01:31
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.